# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 268 05.03.2012-ലെ മറുപടിക്ക്**

## 2011-12 സാമ്പത്തിക വർഷത്തിലെ ഓവർ ഡ്രാഫ്റ്റ്

| | ചോദ്യം<br>ശ്രീ. ബാബു. എം. പാലിശ്ശേരി | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ.) | 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ ; എങ്കിൽ ഏതു മാസങ്ങളിൽ ; എത്ര കോടി രൂപ വീതം ; | ഇല്ല. |
| (ബി.) | സംസ്ഥാനത്ത് ട്രഷറികൾ പൂട്ടിയിടേണ്ട അവസ്ഥ നിലവിലുണ്ടോ ; | ഇല്ല. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിവിഹിതം എത്ര കോടി രൂപ കൊടുക്കാനുണ്ട് ; | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതിയിനത്തിൽ വികസന ഫണ്ട്, ലോക ബാങ്ക് സഹായം എന്നീ ഇനങ്ങളിലൂള്ള തുക മുഴുവനും അനുവദിച്ചു കഴിഞ്ഞു. 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള 387.6 കോടിരൂപയിൽ 193.8 കോടി രൂപ ഒന്നാം ഗഡുവായി 2011 ജൂലൈയിൽ റിലീസ് ചെയ്തിട്ടുണ്ട്. ബാക്കി തുക രണ്ടാം ഗഡുവായി റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്തെ ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുവാൻ കാര്യമായ ശ്രമം നടത്താതെ പല സർക്കാർ ഇടപാടുകളും മറ്റും പുതുതലമുറ ബാങ്കുകളുമായി നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല. |
| (ഇ) | ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ / വെൽഫെയർ ഫണ്ട് ബോർഡുകൾ എന്നിവ, സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ട്രഷറികളിൽ തന്നെ നിക്ഷേപിക്കണമെന്ന് 29.08.2009 ലെ സർക്കുലർ നം. 75/09/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 06.01.2012 ലെ സർക്കുലർ നം. 03/2012/ധന പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തം ഫണ്ടും ലാഭവും ; ട്രഷറി നിക്ഷേപത്തിനാണ് ഉയർന്ന പലിശ നിരക്ക് എങ്കിൽ ട്രഷറിയിൽ മാത്രമേ നിക്ഷേപിക്കുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 17.02.2012 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 116/2012/നി.വ. പ്രകാരം കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സർപ്ലസ് ഫണ്ടുകൾ, റിസർവ് ഫണ്ടുകൾ, നിക്ഷേപങ്ങൾ മുതലായവ ട്രഷറികളിൽ തന്നെ നിക്ഷേപിക്കണമെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ